**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 592** | **23-02-2022 - ൽ മറുപടിയ്ക്ക്**

**സംരംഭങ്ങൾക്ക് വായ്പകൾ നൽകാൻ ബാങ്കുകൾ കാട്ടുന്ന വിമുഖത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംരംഭങ്ങൾക്ക് വായ്പകൾ നൽകാൻ ബാങ്കുകൾ വിമുഖത കാട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതിന് പരിഹാരം കാണുവാൻ പദ്ധതികൾ ആവിഷ്കരിക്കുമോ? | (ബി) | വായ്പകൾ വ്യക്തമായ കാരണമില്ലാതെ ബാങ്കുകൾ അനുവദിക്കാതിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ജില്ലാ വ്യവസായ കേന്ദ്രങ്ങളിലെ ഉദ്യോഗസ്ഥർ വഴി ബ്ലോക്ക് തലത്തിൽ, ബ്ലോക്ക് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിലും (BLBC) ജില്ലാതലത്തിൽ വിവിധ ബാങ്ക്തല സമിതികളിലും വിഷയം അവതരിപ്പിച്ച് പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കാറുണ്ട്. കൂടാതെ വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്ന സംരംഭ സഹായ പദ്ധതി, നാനോ സംരംഭങ്ങൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി, നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ ഇളവ് പദ്ധതി, പ്രധാന മന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PMEGP), ഭക്ഷ്യസംസ്കരണ മേഖലയ്ക്കുള്ള PMFME പദ്ധതി തുടങ്ങിയ പദ്ധതികൾ വഴി ധനസഹായം ഉൾപ്പെടെ ശുപാർശ ചെയ്ത് ബാങ്കുകളിൽ നൽകി പരമാവധി അപേക്ഷകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. എസ്.എൽ.ബി.സി യോഗത്തിൽ വ്യവസായ മന്ത്രി പങ്കെടുത്ത് ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ